# കേരള സർവകലാശാല

നം. പി.ആർ.182/2017 ഫോൺ : 2305738

## പത്രക്കുറിപ്പ്

### ബി.പി.എ ഫലം

കേരള സർവകലാശാല ഏപ്രിലിൽ നടത്തിയ ബി.പി.എ മേഴ്സി ചാൻസ് (ആന്വൽ സ്കീം) പരീക്ഷയുടെ ഫലം www.keralauniversity.ac.in) വെബ്സൈറ്റിൽ ലഭിക്കും.

### ബി.എഡ് സ്പെഷ്യൽ എഡ്യുക്കേഷൻ പരീക്ഷ

കേരള സർവകലാശാല സെപ്റ്റംബർ 14-ന് ആരംഭിക്കുന്ന നാലാം സെമസ്റ്റർ ബി.എഡ് സ്പെഷ്യൽ എഡ്യുക്കേഷൻ (2015 സ്കീം) (റഗുലർ)(2015-17 ബാച്ച്), സെപ്റ്റംബർ 15-ന് ആരംഭിക്കുന്ന രണ്ടാം സെമസ്റ്റർ ബി.എഡ് സ്പെഷ്യൽ എഡ്യുക്കേഷൻ (2015 സ്കീം) (റഗുലർ/ഇംപ്രൂവ്മെന്റ്/സപ്ലിമെന്ററി) (2016-18 ബാച്ച്) പരീക്ഷയ്ക്കും പിഴകൂടാതെ ആഗസ്റ്റ് 18 (50 രൂപ പിഴയോടെ ആഗസ്റ്റ് 21, 125 രൂപ പിഴയോടെ ആഗസ്റ്റ് 23) വരെ ഫീസടച്ച് ഓഫ്ലൈനായി അപേക്ഷിക്കാം. വിശദവിവരങ്ങൾ വെബ്സൈറ്റിൽ (www.keralauniversity.ac.in) ലഭിക്കും.

### എൽ.എൽ.ബി മൂല്യനിർണയ ക്യാമ്പ്: അദ്ധ്യാപകർ ഹാജരാകണം

ജനുവരി മുതൽ ജൂലൈ വരെ നടന്ന വിവിധ ഇന്റഗ്രേറ്റഡ്, യൂണിറ്ററി എൽ.എൽ.ബി ഡിഗ്രി പരീക്ഷകളുടെ മൂല്യനിർണയ ക്യാമ്പ് കേരള സർവകലാശാലയുടെ പാളയം സെനറ്റ് ഹൗസ് ക്യാമ്പസ്സിൽ വച്ച് സർവകലാശാലയുടെ കീഴിലുള്ള ലോ കോളേജുകളിലെ റഗുലർ ക്ലാസ്സുകൾ സസ്പെൻഡ് ചെയ്തുകൊണ്ട് ആഗസ്റ്റ് 18 മുതൽ ആരംഭിക്കുന്നതാണ്. മൂല്യനിർണയത്തിനായി നിയോഗിക്കപ്പെട്ട എല്ലാ അദ്ധ്യാപകരും നിർബന്ധമായും മൂല്യനിർണയ ക്യാമ്പിൽ ഹാജരാകേണ്ടതാണ്.

### ബി.കോം ഫലം

കേരള സർവകലാശാല ഫെബ്രുവരിയിൽ നടത്തിയ ആറാം സെമസ്റ്റർ ബി.കോം കമ്പ്യൂട്ടർ ആപ്ലിക്കേഷൻ ത്രീമെയിൻ (റീസ്ട്രക്ചേർഡ്) സപ്ലിമെന്ററി പരീക്ഷയുടെ ഫലം വെബ്സൈറ്റിൽ (www.keralauniversity.ac.in) ലഭിക്കും. പുനർമൂല്യനിർണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും സെപ്തംബർ 15 വരെ അപേക്ഷിക്കാം.

### ബി.എസ്സി കമ്പ്യൂട്ടർ സയൻസ് (ഹിയറിങ് ഇംപയേർഡ്) ഫലം

കേരള സർവകലാശാല ജൂണിൽ നടത്തിയ രണ്ട്, നാല്, ആറ് സെമസ്റ്റർ ബി.എസ്സി കമ്പ്യൂട്ടർ സയൻസ് (ഹിയറിങ് ഇംപയേർഡ്) പരീക്ഷയുടെ ഫലം വെബ്സൈറ്റിൽ (www.keralauniversity.ac.in) ലഭിക്കും. പുനർമൂല്യനിർണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും സെപ്തംബർ 8 വരെ അപേക്ഷിക്കാം.

## എൽ.എൽ.ബി ഫലം

കേരള സർവകലാശാലയുടെ ഒന്നാം വർഷം (ത്രിവത്സരം) & മൂന്നാം വർഷം (പഞ്ചവത്സരം) (പുതിയ സ്കീം - 1998 അഡ്മിഷൻ) & ഒന്നാം വർഷം (ത്രിവത്സരം) (പഴയ സ്കീം - 1998-ന് മുമ്പുള്ള അഡ്മിഷൻ) (മേഴ്സി ചാൻസ്) ഏപ്രിൽ 2017 എൽ.എൽ.ബി വാർഷിക പരീക്ഷകളുടെ ഫലം വെബ്സൈറ്റിൽ (www.keralauniversity.ac.in) ലഭിക്കും. പുനർമൂല്യനിർണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും സെപ്തംബർ 28 വരെ അപേക്ഷിക്കാം.

## റേഷൻകാർഡും അതിന്റെ പകർപ്പും ഹാജരാക്കണം

കേരള സർവകലാശാലയിൽ നിന്നും പെൻഷൻ വാങ്ങുന്നവർ റേഷൻകാർഡും അതിന്റെ പകർപ്പും ഇതുമായി ബന്ധപ്പെട്ട സത്യവാങ്മൂലവും പെൻഷൻ സെക്ഷനിൽ ആഗസ്റ്റ് 20-ാം തീയതിക്ക് മുൻപായി ഹാജരാക്കേണ്ടതാണ്. സത്യവാങ്മൂലത്തിന്റെ മാതൃക വെബ്സൈറ്റിൽ (www.kufinance.info) ലഭിക്കും.

## ബി.കോം ഫലം

കേരള സർവകലാശാല ജൂണിൽ നടത്തിയ മൂന്നാം വർഷ ബി.കോം കമ്പ്യൂട്ടർ ആപ്ലിക്കേഷൻ (ആന്വൽ സ്കീം - ത്രീ മെയിൻ)(റഗുലർ, സപ്ലിമെന്ററി) പരീക്ഷയുടെ ഫലം വെബ്സൈറ്റിൽ (www.de.keralauniversity.ac.in) ലഭിക്കും. പുനർമൂല്യനിർണയത്തിന് സെപ്തംബർ 11 വരെ അപേക്ഷിക്കാം.

## ബി.എസ്‌സി കമ്പ്യൂട്ടർ സയൻസ് /ബി.സി.എ സപ്ലിമെന്ററി ഫലം

കേരള സർവകലാശാല 2016 ഒക്ടോബറിൽ നടത്തിയ വിദൂര വിദ്യാഭ്യാസ വിഭാഗം 2016 ഒക്ടോബറിൽ നടത്തിയ ഒന്നാം വർഷ ബി.എസ്‌സി കമ്പ്യൂട്ടർ സയൻസ്/ ബി.സി.എ ഓൺലൈൻ സപ്ലിമെന്ററി (പുതിയ സ്കീം) പരീക്ഷയുടെ ഫലം വെബ്സൈറ്റിൽ (www.keralauniversity.ac.in) ലഭിക്കും. പുനർമൂല്യനിർണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും സെപ്തംബർ 28 വരെ അപേക്ഷിക്കാം.

## ബി.എസ്‌സി പരീക്ഷാകേന്ദ്രങ്ങൾ

കേരള സർവകലാശാല ആഗസ്റ്റ് 21-ന് തുടങ്ങുന്ന ബി.എസ്‌സി (ആന്വൽ സ്കീം) പാർട്ട് മൂന്ന് മെയിൻ വിഷയങ്ങളുടെ മേഴ്സി ചാൻസ് പരീക്ഷയ്ക്ക് പാളയം എസ്.ഡി.ഇ, ചാത്തന്നൂർ എസ്.എൻ കോളേജ്, ചേർത്തല എസ്.എൻ കോളേജ് എന്നിവ മാത്രമായിരിക്കും പരീക്ഷാകേന്ദ്രങ്ങൾ. തിരുവനന്തപുരം യൂണിവേഴ്സിറ്റി കോളേജ്, ഗവ. ആർട്സ് കോളേജ്, തിരുവനന്തപുരം ആൾസെയിന്റ്സ് കോളേജ് എന്നിവ പരീക്ഷാകേന്ദ്രമായി അപേക്ഷിച്ചവർ പാളയം എസ്.ഡി.ഇയിൽ നിന്നും ഹാൾടിക്കറ്റ് വാങ്ങി അവിടെത്തന്നെ പരീക്ഷയെഴുതണം. കൊല്ലം എസ്.എൻ കോളേജ് പരീക്ഷാകേന്ദ്രമായി അപേക്ഷിച്ചവർ ചാത്തന്നൂർ എസ്.എൻ കോളേജിൽ നിന്നും ഹാൾടിക്കറ്റ് വാങ്ങി അവിടെത്തന്നെ പരീക്ഷയെഴുതണം. ആലപ്പുഴ എസ്.ഡി കോളേജ് പരീക്ഷാകേന്ദ്രമായി അപേക്ഷിച്ചവർ ചേർത്തല എസ്.എൻ കോളേജിൽ ഹാൾടിക്കറ്റ് വാങ്ങി അവിടെത്തന്നെ പരീക്ഷയെഴുതണം.

## സർവകലാശാല സ്വാതന്ത്ര്യദിനം ആഘോഷിച്ചു.

71-ാമത് സ്വാതന്ത്ര്യദിനം കേരള സർവകലാശാല സമുചിതമായി ആഘോഷിച്ചു. രാവിലെ 8.40-ന് വൈസ് ചാൻസലർ പ്രൊഫ. പി.കെ

രാധാകൃഷ്ണൻ സർവകലാശാലാങ്കണത്തിൽ ദേശീയ പതാക ഉയർത്തി. പ്രോ-വൈസ് ചാൻസലർ ഡോ. എൻ. വീരമണികണ്ഠൻ, രജിസ്ട്രാർ ഡോ. എം. ജയപ്രകാശ് മറ്റ് ഉന്നത ഉദ്യോഗസ്ഥർ, അദ്ധ്യാപകർ, അനദ്ധ്യാപകർ എന്നിവർ പങ്കെടുത്തു. ചടങ്ങിന്റെ ഭാഗമായി സർവകലാശാലയുടെ മ്യൂസിക് ലവേഴ്സ് ഫോറം ദേശഭക്തിഗാനങ്ങൾ ആലപിച്ചു.

(ഫോട്ടോ ഇ-മെയിൽ ചെയ്തിട്ടുണ്ട്)



## യു.ഐ.ടി കോൺട്രാക്റ്റ് പ്രിൻസിപ്പാൾ ഇന്റർവ്യൂ

കേരള സർവകലാശാലയുടെ യു.ഐ.ടി_-കളിലേക്ക് കോൺട്രാക്റ്റ് പ്രിൻസിപ്പാൾ തസ്തികയിലേക്ക് അപേക്ഷിച്ച ഉദ്യോഗാർത്ഥികളുടെ ഇന്റർവ്യൂ ആഗസ്റ്റ് 18-ന് രാവിലെ 11 മണിക്ക് നടക്കും. ഇന്റർവ്യൂ മെമ്മോ ലഭിച്ചവർ അന്നേ ദിവസം പാളയം യൂണിവേഴ്സിറ്റി ആസ്ഥാനത്ത് ഹാജരാകണം.

## ബി.ആർക്ക് സപ്ലിമെന്ററി പരീക്ഷ

കേരള സർവകലാശാലയുടെ നാലാം സെമസ്റ്റർ ബി.ആർക്ക് സപ്ലിമെന്ററി പരീക്ഷ യുടെ (2013 സ്കീം) ഓൺലൈൻ രജിസ്ട്രേഷൻ ആരംഭിച്ചു. വിശദവിവരങ്ങൾ വെബ്സൈറ്റിൽ (www.keralauniversity.ac.in) ലഭിക്കും.

## സൂക്ഷ്മപരിശോധന

കേരള സർവകലാശാല 2016 നവംബറിൽ നടത്തിയ ബി.എ അഞ്ചാം സെമസ്റ്റർ പരീ ക്ഷയുടെയും ഏപ്രിലിൽ നടത്തിയ ആറാം സെമസ്റ്റർ പരീക്ഷയുടെയും സൂക്ഷ്മപരി ശോധനയ്ക്ക് വേണ്ടി ഓൺലൈനായും ഓഫ്ലൈനായും അപേക്ഷിച്ചിട്ടുള്ള വിദ്യാർത്ഥികൾ ഹാൾടിക്കറ്റുമായി ഇ.ജെ V സെക്ഷനിൽ (റീവാല്യുവേഷൻ) ആഗസ്റ്റ് 17 മുതൽ 26 വരെയുള്ള പ്രവൃത്തി ദിനങ്ങളിൽ ഹാജരാകണം.

## ഡി.റ്റി.എസ് ഫലം

കേരള സർവകലാശാല ഏപ്രിലിൽ നടത്തിയ ഒന്നാം സെമസ്റ്റർ ഡിപ്ലോമ ഇൻ ട്രാൻസ്ലേഷൻ സ്റ്റഡീസ് (ഡി.റ്റി.എസ്) പരീക്ഷയുടെ ഫലം വെബ്സൈറ്റിൽ (www.keralauniversity.ac.in) ലഭിക്കും. സൂക്ഷ്മപരിശോധനയ്ക്ക് അപേക്ഷിക്കാനുള്ള അവസാന തീയതി സെപ്തംബർ എട്ട്.

## എം.ബി.എ സ്പോട്ട് അഡ്മിഷൻ

കേരള സർവകലാശാലയുടെ യൂണിവേഴ്സിറ്റി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മെന്റ് നടത്തുന്ന എം.ബി.എ (ഫുൾടൈം 2017–19) കോഴ്സിന് ഒഴിവുള്ള ഏതാനും സീറ്റുകളിലേക്ക് സ്പോട്ട് അഡ്മിഷൻ ആഗസ്റ്റ് 18–നും, 21–നും രാവിലെ 10 മണിക്ക് ആലപ്പുഴ, അടൂർ, പുനലൂർ, കുണ്ടറ സെന്ററുകളിൽ നടത്തുന്നു. അലോട്ട്മെന്റ് പ്രോസസിൽ പങ്കെടുക്കാത്ത കേരള സർവകലാശാലയുടെ റാങ്ക്ലിസ്റ്റിൽ ഉൾപ്പെട്ട വിദ്യാർത്ഥികൾക്ക് പങ്കെടുക്കാം. K-MAT, C-MAT അല്ലെങ്കിൽ CAT പ്രവേശന പരീക്ഷയുടെ വാലിഡ് സ്കോർ ഉള്ള വിദ്യാർത്ഥികൾക്ക് പങ്കെടുക്കാം.

## ബി.എസ്സി പ്രാക്റ്റിക്കൽ

കേരള സർവകലാശാല ജൂലൈയിൽ നടത്തിയ നാലാം സെമസ്റ്റർ ബി.എസ്സി സി.ബി.സി.എസ് പോളിമർ കെമിസ്ട്രിയുടെ പ്രാക്റ്റിക്കൽ പരീക്ഷകൾ ആഗസ്റ്റ് 22 മുതൽ അതത് കോളേജിൽ വച്ച് നടക്കും. വിശദമായ ടൈംടേബിൾ വെബ്സൈറ്റിൽ (www.keralauniversity.ac.in) ലഭിക്കും.

## എസ്.ഡി.ഇ – യു.ജി/പി.ജി കോഴ്സുകൾക്ക് അപേക്ഷ തീയതി നീട്ടി

കേരള സർവകലാശാല സ്കൂൾ ഓഫ് ഡിസ്റ്റന്റ്സ് എഡ്യുക്കേഷന്റെ യു.ജി അഡ്മിഷന് ആഗസ്റ്റ് 31 വരെ ഫൈൻ കൂടാതെയും സെപ്തംബർ 15 വരെ 100 രൂപ ഫൈനോടെയും ഓൺലൈനായി അപേക്ഷിക്കാവുന്നതാണ്. പി.ജി കോഴ്സുകൾക്ക് സെപ്തംബർ 15 വരെ ഫൈൻ കൂടാതെ അപേക്ഷിക്കാം.

തിരുവനന്തപുരം.
16.08.2017

പബ്ലിക് റിലേഷൻസ് ഓഫീസർ

അംഗീകാരത്തോടെ,

സെക്ഷൻ ഓഫീസർ

e-mail: ku.release@gmail.com website: www.keralauniversity.ac.in

University information is available on 0471-2305994, 155300 (BSNL Land line), 0471-155300 (from mobile) 0471-2115054 and 0471-2115098